©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 സെപ്റ്റംബർ 01
01st September 2025
1201 ചിങ്ങം 16
16th Chingam 1201
1947 ഭാദ്രം 10
10th Bhadra 1947

നമ്പർ
No.
3139

കേരള സർക്കാർ
മത്സ്യബന്ധന ഉറമുഖ (സി) വകുപ്പ്
വിജ്ഞാപനം

സ.ഉ (അച്ചടി) നം.24/2025/F&P 30-08-2025.

തിരുവനന്തപുരം

എസ്. ആർ. ഒ. നമ്പർ 995/2025

2014-ലെ കേരള മത്സ്യവിത്ത് ആക്ടിന്റെ (2015-ലെ 4-ാം ആക്ട്) 3-ാം വകുപ്പും 5-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളും കൂട്ടിവായിച്ച പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ, 2018 ഫെബ്രുവരി 7-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 3/2017/മ.ഉ.വ ആയി പുറപ്പെടുവിച്ചതും 2018, ഫെബ്രുവരി 14-ാം തീയതിയിലെ 356-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 84/2018 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സ്ഥാപിച്ചുകൊണ്ടും അതിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2021, ജൂലൈ 1-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 16/2021/മ.ഇ.വ ആയി പുറപ്പെടുവിച്ചതും 2021, ജൂലൈ 5-ാം തീയതിയിലെ 1971-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 488/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം പുനർരൂപീകരിച്ചിരുന്നതിനാലും;

2022 ജനുവരി 3-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 1/2022/മ.ഇ.വ ആയി പുറപ്പെടുവിച്ചതും 2022 ജനുവരി 6-ാം തീയതിയിലെ 66-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നം 29/2022 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ഡോ. സി. മോഹനകുമാരൻ നായർ-നെ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ചെയർപേഴ്സണായും ഡോ.പത്മകുമാറിനെ അംഗം, (ഉൾനാടൻ ഫിഷറീസ് വിദഗ്ദ്ധൻ)-നുമായി നാമനിർദ്ദേശം ചെയ്തുകൊണ്ട് എസ്.ആർ.ഒ. 488/2021 നമ്പരായി പുറപ്പെടുവിച്ച വിജ്ഞാപനം സർക്കാർ ഭേദഗതി ചെയ്തിരുന്നതിനാലും;

എസ്.ആർ.ഒ. 488/2021 നമ്പർ പ്രകാരം പുനർരൂപീകരിച്ച സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ അംഗങ്ങളുടെ കാലാവധി 2024 ജൂലൈ 4-ാം തീയതിയും എസ്.ആർ.ഒ. 29/2022 നമ്പർ പ്രകാരം നിയമിതരായ ഡോ. സി. മോഹനകുമാരൻ നായർ-ന്റെയും ഡോ.പത്മകുമാറിന്റെയും കാലാവധി 2025 ജനുവരി 5-ാം തീയതി അവസാനിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, 2014-ലെ കേരള മത്സ്യവിത്ത് ആക്ടിന്റെ (2015-ലെ 4-ാം ആക്ട്) 3-ാം വകുപ്പും 5-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളും (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയും കൂട്ടിവായിച്ച പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ, താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം പുനർരൂപീകരിച്ച് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :-

1)	ഡോ. സി. മോഹനകുമാരൻ നായർ സാകല്യം, വിക്രം സാരാഭായ് റോഡ് മരട് പി.ഒ., കൊച്ചി - 682304	:	ചെയർപേഴ്സൺ
2)	ഫിഷറീസ് ഡയറക്ടർ	:	എക്സ് ഒഫിഷ്യോ അംഗം
3)	ശ്രീ.റ്റി.പുരുഷോത്തമൻ ആസാദ് ഭവൻ, പയ്യന്നൂർ പി.ഒ. കണ്ണൂർ - 670 307.	:	അംഗം (മത്സ്യവിത്ത് കർഷകരുടെ പ്രതിനിധി)
4)	ശ്രീ.എം.ആർ.ജോഷി മുളങ്ങയിൽ വീട്, പടിഞ്ഞാറെ വെമ്പല്ലൂർ പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680 671.	:	അംഗം (ഹാച്ചറി പ്രവർത്തകരുടെ പ്രതിനിധി)
5)	ഡോ. കെ.ജി.പത്മകുമാർ ഗംഗോത്രി, നീർക്കുന്നം റ്റി.ഡി. മെഡിക്കൽ കോളേജ് പി.ഒ., ആലപ്പുഴ- 688 005.	:	അംഗം (ഉൾനാടൻ ഫിഷറീസ് വിദഗ്ദ്ധൻ)
6)	ഡോ.കെ.കെ.അപ്പുക്കുട്ടൻ 'ഛായ', സമൃദ്ധി നഗർ - 19 A, വൈദ്യശാല മുക്ക്, ആശ്രാമം, കൊല്ലം - 691 002.	:	അംഗം (മറൈൻ ഫിഷറീസ് വിദഗ്ദ്ധൻ)
7)	മാനേജിംഗ് ഡയറക്ടർ ഏജൻസി ഫോർ ഡെവലപ് മെന്റ് ഓഫ് അക്വാകൾച്ചർ കേരള	:	അംഗം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8) ശ്രീമതി പ്രിയ ജയസേനൻ : മെമ്പർ സെക്രട്ടറി
ജോയിന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം പുനർരൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.01 06:49:38 +05:30